**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 511** **09-06-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 5 പട്ടികവർഗ്ഗ കോളനികളുടെ നവീകരണപ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരുന്നതിൽ എല്ലാ കോളനികളിലും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞോ എന്ന് വെളിപ്പെടുത്താമോ; | (എ) | അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഇരിക്കൂർ നിയോജക മണ്ഡലത്തിലെ മാവുംതട്ട്, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി എന്നീ പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആയത് പുരോഗമിച്ച് വരികയും ചെയ്യുന്നു. കരേത്തുംചാൽ പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിയ്ക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏത് ഏജൻസിയെയാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചതെന്നും എപ്പോഴത്തേയ്ക്ക് ആയത് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ? | (ബി) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ 31.03.2022നകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ